# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2802 27.01.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, സണ്ണി ജോസഫ്<br>,, റ്റി.എൻ. പ്രതാപൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതുതായി ഏർപ്പെടുത്തിയ പ്രത്യേക സ്കോളർഷിപ്പ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയം IX ഉം X ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക്, 01/07/2012 മുതൽ നടപ്പിൽ വരുത്തുന്നതിന് തീരുമാനിച്ച പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 22/03/2013 ലെ സ.ഉ(എം.എസ്) 25/13/ പജപവവിവ നം. സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഡേസ്കോളേഴ്സിനും ഹോസ്റ്റലേഴ്സിനും യഥാക്രമം പ്രതിമാസം 150/- ഉം 350/- ഉം രൂപ നിരക്കിൽ സ്കോളർഷിപ്പും, യഥാക്രമം പ്രതിവർഷം 750/- ഉം, 1000/- രൂപ ബുക്ക്സിനും അഡ്ഹോക്ക് ഗ്രാന്റായും അനുവദിക്കുന്നു. കേന്ദ്ര പദ്ധതി പ്രകാരമുള്ള സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 2 ലക്ഷം രൂപയാണ്. എന്നാൽ സംസ്ഥാനത്തെ സർക്കാർ/സർക്കാർ അംഗീകൃത സ്കൂളുകളിൽ ഒൻപതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും കേന്ദ്രാവിഷ്കൃത പ്രീ മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് 30/03/2013 ലെ സ.ഉ(കൈ) 31/13/ പ.ജ.പ.വ.വി.വ നം. ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) പട്ടികജാതി വിദ്യാർത്ഥികളുടെ പഠനം മെച്ചപ്പെടുത്താനും 9,10 ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് കുറയ്ക്കുന്നതിനും രക്ഷിതാക്കൾക്ക് സഹായം എന്ന നിലയിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിന് ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) ഇത് 100% കേന്ദ്ര ധനസഹായ പദ്ധതിയാണ്. കേന്ദ്ര പദ്ധതിയുടെ പരിധിയിൽ വരുന്ന വിദ്യാർത്ഥികൾക്ക് തുക അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയം തുക അനുവദിക്കുന്നു. 2012-13 സാമ്പത്തിക വർഷം 1984.19 ലക്ഷം രൂപ ഈ ഇനത്തിൽ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) 2012-13 സാമ്പത്തിക വർഷത്തിൽ DBTS (ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ സ്കീം) മുഖേന പ്രീമെട്രിക് സ്കോളർഷിപ്പ് തുക വിതരണം നടത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് തുക വിതരണം നടത്തുന്നതിനായി, അക്ഷയ കേന്ദ്രം വഴി, അപേക്ഷകരായ കുട്ടികളുടെ ഡാറ്റാ എൻട്രി ജില്ലാ തലങ്ങളിൽ നടത്തി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക അനുവദിക്കുന്നതാണ്. കേന്ദ്ര പദ്ധതിയുടെ പരിധിയിൽ വരുന്ന 1,01,188 വിദ്യാർത്ഥികൾക്ക് CSS പദ്ധതി പ്രകാരം തുക അനുവദിക്കുന്നതിനായി 23,18,65,700/- രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര വിഹിതം അനുവദിക്കുന്നതിനായി അയച്ചു കൊടുത്തിട്ടുണ്ട്. |

Bali K.T

സെക്ഷൻ ഓഫീസർ